"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം - ജീവനക്കാര്യം - ഇടുക്കി മുൻസിഫ് കോർട്ടിലെ സീനിയർ ക്ലർക്ക് ആയ ശ്രീ. രാജേഷ് ജി.കെ.യെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിൽ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.1317/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/06/2019

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2 26.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ഫിൻ നം. കത്ത്

3 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ 04/02/2019ലെ 213/19 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി മുൻസിഫ് കോർട്ടിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. രാജേഷ് ജി.കെ.യെ തിരുവനന്തപുരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം എന്ന് പരാമർശം (3) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം ഇടുക്കി മുൻസിഫ് കോർട്ടിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. രാജേഷ് ജി.കെ.യെ തിരുവനന്തപുരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ ക്ലർക്ക് തസ്തികയിൽ, കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി, ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി.നാഗേന്ദ്രന്**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം

**File No.LSGD-IA4/52/2019-LSGD**

ബന്ധപ്പെട്ട വ്യക്തിക്ക് (രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി മുഖാന്തിരം)

രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ,/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ